DESPATCHED
On... 05/03/2020

14/1/2020


**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in


ഹർജി നമ്പർ **AP. 1567*(7)/2014*/*എസ്.ഐ.സി.***
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം. *8976/എസ്.ഐ.സി-ജി 6/14*
സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| **ശ്രീ. കെ. വി. ജനാർദ്ധനൻ**<br>**റെയ്ഡ്, റൂം നം.18/348**<br>**ഡ്യൂ ഡ്രോപ്സ്, എം.എം.അലി റോഡ്**<br>**പാളയം, കോഴിക്കോട്–673 002** | **പരാതി ഹർജിക്കാരൻ** |

**Vs**

| | |
|---|---|
| 1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ**<br>**കൊയിലാണ്ടി നഗരസഭ**<br>**കോഴിക്കോട്**<br><br>2. **അപ്പീൽ അധികാരി**<br>**സെക്രട്ടറി,**<br>**കൊയിലാണ്ടി നഗരസഭ**<br>**കോഴിക്കോട്** | **എതിർകക്ഷികൾ** |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ ശരിയായ വിവരം ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.



res

2. എസ്.പി.ഐ.ഒ. സമർപ്പിച്ച റിപ്പോർട്ടിന്മേൽ അഭിപ്രായം തേടുന്നതിനായി കമ്മീഷൻ 07.11.2019 ന് കളക്ടറേറ്റ് കോഴിക്കോട് വച്ചു നടത്തിയ വീഡിയോ കോൺഫറൻസിൽ ഹാജരാകുവാൻ ഇരു കക്ഷികൾക്കും നോട്ടീസ് നൽകുകയും എസ്.പി.ഐ.ഒ ഹാജരാകുകയും നൽകിയ മൊഴിയിൽ ഫയൽ പരിശോധിക്കാൻ അവസരം നൽകിയിട്ടും ഹർജിക്കാരൻ ഹാജരായിട്ടില്ലെന്നാണ് ബോധിപ്പിച്ചത്.

3. അപ്പീൽഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഹർജിക്കാരന് ആവശ്യപ്പെട്ട രേഖകൾ പരിശോധിക്കാൻ അവസരം നൽകിയിട്ടും ടിയാൻ ആയത് ചെയ്തിട്ടില്ലെന്ന് വിലയിരുത്തിയ കമ്മീഷൻ, ഫയൽ പരിശോധിക്കുന്നതിന് ഒരു അവസരം നൽകിയ ശേഷം 1 ആഴ്ചയ്ക്കുള്ളിൽ റിപ്പോർട്ട് നൽകണമെന്ന് എസ്.പി.ഐ.ഒ യോട് നിർദ്ദേശിക്കുകയും, 16.11.2019 ന് എസ്.പി.ഐ.ഒ സമർപ്പിച്ച റിപ്പോർട്ടിൽ പരാതിക്കാരൻ ആവശ്യപ്പെടുന്ന പക്ഷം ടിയാന് ഓഫീസ് പ്രവർത്തി സമയങ്ങളിൽ ഹാജരായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിക്കാവുന്നതാണെന്നും രേഖകളുടെ പകർപ്പ് അനുവദിക്കാമെന്നും അറിയിക്കുകയും ചെയ്തു. ആയതിൻപ്രകാരം ഈ അപ്പീൽ ഹർജിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്നു കണ്ട് ഇന്നേദിവസം 2020 ജനുവരി 14–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)



res